# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 271 **23.01.2018-ൽ മറുപടിയ്ക്ക്**

## കൊണ്ടോട്ടി ആയുർവേദ താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.ടി.വി.ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊണ്ടോട്ടിയിൽ ആയുർവേദ താലൂക്ക് ആശുപത്രി തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കൊണ്ടോട്ടി നഗരസഭയിലെ പുല്ലിത്തൊടി പ്രദേശത്ത് ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനായി കോട്ട കുടുംബം സൗജന്യമായി സ്ഥലം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ, സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല |
| (സി) | പ്രസ്തുത ആശുപത്രി തുടങ്ങുന്നതിന് സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ സമിതിയിൽ ഉൾപ്പെട്ടവർ ആരെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (സി) | ഉണ്ട്. ടി പ്രദേശത്ത് ആശുപത്രിയുടെ ആവശ്യകത സംബന്ധിച്ച് പരിശോധനയ്ക്കായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പരിശോധനാ സമിതി നിലവിലില്ല. |
| (ഡി) | ആശുപത്രി തുടങ്ങുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | പഞ്ചായത്തീരാജ് നിയമ പ്രകാരം സ്ഥാപനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാകയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യമായ ഭൗതീക സാഹചര്യം ഒരുക്കി പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനനുസരിച്ചും ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ